**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 177** **01-02-2023 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആർദ്രം പദ്ധതി പ്രകാരം കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | **ആർദ്രം ഒന്നാം ഘട്ടത്തിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കരിന്തളം, എണ്ണപ്പാറ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തിരഞ്ഞെടുക്കയും രണ്ടാം ഘട്ടത്തിൽ അജാനൂർ, ആനന്ദാശ്രമം, മടിക്കൈ, പാണത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട സേവനം, ലാബ് സൗകര്യം ആരംഭിക്കൽ എന്നിവ നൽകി ടി സ്ഥാപനങ്ങൾ നിലവിൽ ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ കുടുബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിക്കുകയും ചെയ്തു വരുന്നു.**<br><br>**ആർദ്രം മൂന്നാം ഘട്ടത്തിൽ ടി നിയോജക മണ്ഡലത്തിലെ കൊന്നക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ ഭാഗമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെടുത്തുന്നതിലേക്കായി എൻ.എച്ച്.എം മുഖേന 15.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.**<br><br>**ആർദ്രം പദ്ധതിയുടെ ഭാഗമായി തന്നെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഒ.പി രജിസ്ട്രേഷൻ, ഫാർമസി ബ്ലോക്ക് നവീകരണം, രോഗീസൗഹൃദ സംവിധാനങ്ങൾ, ഫർണീച്ചറുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ടി നിയോജക മണ്ഡലത്തിലെ പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തെയും, വെള്ളരിക്കുണ്ട് സാമൂഹികാരോഗ്യ കേന്ദ്രത്തെയും ബ്ലോക്ക്തല കുടംബാരോഗ്യ കേന്ദ്രമാക്കുന്നതിന്** |

| | | | |
|---|---|---|---|
| | | | **തിരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടന്നു വരുന്നു.** |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചുവെന്ന് അറിയിക്കാമോ? | (ബി) | ആർദ്രം പദ്ധതി പ്രകാരം അനുവദിച്ച പുതിയ തസ്തികകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച തസ്തികകൾ ചുവടെ ചേർക്കുന്നു.

| **സ്ഥാപനം** | **തസ്തിക** | **എണ്ണം** |
|---|---|---|
| എണ്ണപ്പാറ കുടുംബാരോഗ്യകേന്ദ്രം | അസിസ്റ്റന്റ് സർജൻ | 1 |
| | സ്റ്റാഫ് നഴ്സ് | 2 |
| | ലാബ് ടെക്നീഷ്യൻ | 1 |
| | ഫാർമസിസ്റ്റ് | 1 |
| കരിന്തളം കുടുംബാരോഗ്യകേന്ദ്രം | അസിസ്റ്റന്റ് സർജൻ | 1 |
| | സ്റ്റാഫ് നഴ്സ് | 2 |
| | ലാബ് ടെക്നീഷ്യൻ | 1 |
| | ഫാർമസിസ്റ്റ് | 1 |
| അജാനൂർ കുടുംബാരോഗ്യകേന്ദ്രം | അസിസ്റ്റന്റ് സർജൻ | 1 |
| | സ്റ്റാഫ് നഴ്സ് | 2 |
| | ലാബ് ടെക്നീഷ്യൻ | 2 |
| മടിക്കൈ കുടുംബാരോഗ്യകേന്ദ്രം | അസിസ്റ്റന്റ് സർജൻ | 1 |
| | സ്റ്റാഫ് നഴ്സ് | 2 |
| | ലാബ് ടെക്നീഷ്യൻ | 1 |
| ആനന്ദാശ്രമം കുടുംബാരോഗ്യകേന്ദ്രം | അസിസ്റ്റന്റ് സർജൻ | 1 |
| | സ്റ്റാഫ് നഴ്സ് | 2 |
| കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി | ഡെപ്യൂട്ടി ഡയറക്ടർ | 1 |
| | കൺസൾട്ടന്റ് ഓർത്തോപീഡിക്സ് | 1 |
| | ജൂനിയർ കൺസൾട്ടന്റ് റെസ്പിറേറ്ററി മെഡിസിൻ | 1 |
| | ജൂനിയർ കൺസൾട്ടന്റ് ഡെന്റൽ | 1 |
| | ജൂനിയർ കൺസൾട്ടന്റ് സൈക്യാട്രി | 1 |
| | ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 |
| | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| | ECG ടെക്നീഷ്യൻ | 1 |

| | | |
|---|---|---|
| | ഡയാലിസിസ് ടെക്നീഷ്യൻ | 3 |
| | റേഡിയോഗ്രാഫർ ഗ്രേഡ് – 2 | 1 |
| | എക്സറേ അറ്റൻഡർ | 1 |
| | മെഡിക്കൽ റെക്കോർഡ് അറ്റൻഡർ | 1 |
| | ഫാർമസിസ്റ്റ് ഗ്രേഡ് 2 | 2 |
| പൂടംകല്ല് (പാണത്തടി) താലൂക്ക് ആശുപത്രി | ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിക്സ് | 1 |
| | ജൂനിയർ കൺസൾട്ടന്റ് ജനറൽ മെഡിസിൻ | 1 |
| | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 |

Hari

സെക്ഷൻ ഓഫീസർ